(ബി) അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം അംഗൻവാടികളെയാണ് മാതൃകാ അംഗൻവാടികളായി പുനർനിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ആകെ 239 അംഗൻവാടികളാണ് പ്രവർത്തിക്കുന്നത്. ആയതിൽ 83 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്.

(ബി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ തെക്ക് ഗ്രാമപഞ്ചായത്തിലെ 52-ാം നമ്പർ അംഗൻവാടിയെയാണ് മാതൃകാ അംഗൻവാടിയായി പുനർനിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുള്ളത്.

ആശ്രയ പദ്ധതി - രണ്ടാം ഘട്ടം

248 (7547) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രയ പദ്ധതി വിപുലീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) രണ്ടാംഘട്ടം ആരംഭിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ ഒഴിവാക്കിയിട്ടുണ്ടോ എന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഒന്നാം ഘട്ട ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി ആശ്രയ പദ്ധതി വിപുലീകരിച്ച് രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കുടുംബശ്രീ, വിവിധ സർക്കാർ വകുപ്പുകൾ, എന്നിവ കൂടാതെ പൊതുജനങ്ങളുടെയും സഹകരണത്തോടെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്.

(സി) ഒന്നാം ഘട്ടത്തിൽ അനുവദിച്ച തുകയുടെ 50% എങ്കിലും ചെലവഴിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് രണ്ടാം ഘട്ടം ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നത്. ഈ വ്യവസ്ഥ ഒഴിവാക്കി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി രണ്ടാം ഘട്ടം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly